പ്രതികരണം ● **അബ്ദുല്ലത്വീഫ് കൊടുവള്ളി**

## പരിസ്ഥിതി, വികസനം

# നബി(സ)യുടെ 'ഗാബഃ'യും അംറുബ്നുൽ ആസ്വിന്റെ 'ഫുസ്ത്വാത്വും'

**അസന്തുലിതവും** ഭ്രാന്തവും പരിസ്ഥിതിക്ക് ഹാനികരവുമായ വികസനത്തിനെതിരെ ജനപക്ഷ വേദികൾ നടത്തിക്കൊണ്ടിരിക്കുന്ന പോരാട്ടങ്ങൾ ലക്ഷ്യം കണ്ടുതുടങ്ങിയിരിക്കുന്നു. മത-രാഷ്ട്രീയ-ജാതി-വർഗ ഭേദങ്ങൾക്കതീതമായി തദ്വിഷയകമായ ജനകീയ കൂട്ടായ്മ രൂപപ്പെട്ടതും അത് അധികാരി വർഗത്തെ മുഷിപ്പിച്ചതും ഫറോവ ചെയ്തതുപോലെ ഭരണകൂടം ജനങ്ങളെ കക്ഷിതിരിച്ച് പോരാട്ടം ദുർബലമാക്കാൻ വിഫല ശ്രമം നടത്തിയതും അത് ഏശാതെ പോയതും കേരളത്തിൽ നാം കണ്ടതാണല്ലോ. മാനവസമൂഹത്തിന്റെ ഇഹ-പര സൗഭാഗ്യങ്ങൾക്ക് നിദാനമായ ഇസ്‌ലാമിനെ, ചില മുസ്‌ലിം സംഘടനകൾ ആരാധനയുടെ കളത്തിനു പുറത്തേക്ക് ചാടാതെ നിർത്താൻ വിഫലശ്രമം നടത്തിയതും കൗതുകമുള്ള കാഴ്ചയായി. ആദം നബി തൊട്ട് മുഹമ്മദ് നബി വരെയും അവിടം മുതൽ ആധുനിക കാലം വരെയും ഇസ്‌ലാം എതിർക്കപ്പെടാനുണ്ടായ മുഖ്യ കാരണങ്ങളിലൊന്ന് പൊതുജീവിതത്തിൽ ഇടപെട്ടു കളയുന്നു എന്ന 'അപരാധ'മാണെന്നും ഒരിക്കൽ കൂടി വ്യക്തമായി.

അതേസമയം, കാലഘട്ടത്തിലെ വലിയ തിന്മകളിലൊന്നായ വികസന ഭ്രാന്തിനെ ആദർശപരവും മനുഷ്യ സ്നേഹപരവുമായ കാരണങ്ങളാൽ തളയ്ക്കാൻ ബാധ്യസ്ഥരായ ഇസ്‌ലാമിക സമൂഹം സ്വയം വിചാരണയിലൂടെ കൂടുതൽ ധർമായുധമണിയേണ്ടതുമുണ്ട്. സ്വകാര്യ വ്യക്തികളുടേത്, സർക്കാറിന്റേത് എന്ന ഭേദ പരിഗണനയില്ലാതെ ജീവജാലങ്ങൾക്ക് ഹാനി വരുത്തുന്ന എല്ലാതരം അനാവശ്യ വികസനങ്ങളെയും ചെറുക്കാൻ ആദ്യമായി വേണ്ടത്, വ്യക്തിപരമായ ജീവിതത്തിലും മിത വികസനമെന്ന മധ്യ നിലപാട് സ്വീകരിക്കുക എന്നതാണ്. കൊട്ടാര സമാനമായ വീടുകൾ പെരുകുകയും അവക്ക് നിയന്ത്രണം വേണമെന്ന ആവശ്യം ഉയരാതിരിക്കുകയും, 'എന്റെ പണം, എന്റെ ഭൂമി, നിനക്കെന്തു വേണം?' എന്ന തരത്തിൽ 'പുരപ്പൊണ്ണന്മാർ' നാട് കുട്ടിച്ചോറാക്കുകയും ചെയ്തിട്ടും ഏതെങ്കിലും സംഘടനയോ സർക്കാരോ പ്രായോഗികമായി ഇടപെടുന്നില്ല (കൂറ്റൻ മാളികകൾക്ക് കൂടുതൽ നികുതി ചുമത്താനുള്ള നിർദേശം ഉണ്ടായെങ്കിലും അതെവിടെയോ തൂവിപ്പോയി). കേരളം മുഴുവൻ കോൺക്രീറ്റിട്ടേ അടങ്ങൂ എന്ന വാശിയോടെ കേരളീയർ ആക്രാന്തരായി ഓടുകയാണ്. ഇതിൽ മത-ജാതി-പ്രസ്ഥാന ഭേദങ്ങളില്ല. സമ്പത്ത് കൊണ്ട് ധാരാളിത്തം കളിക്കുന്നവർക്ക് ഖുർആൻ ചാർത്തിക്കൊടുത്ത 'സുഫഹാഅ്' (ഭോഷന്മാർ) എന്ന വിശേഷണം മനുഷ്യ വിരുദ്ധ വികസനത്തെ എതിർക്കുന്നവർക്കും യോജിക്കുന്ന വിധത്തിലാണ് വ്യക്തിജീവിതത്തിലെ അവരുടെ നിർമാണ പ്രവൃത്തികളും മറ്റും. കേരളത്തിൽ ആഡംബരം വല്ലാതെ പെരുകിവരുന്നു. തങ്ങളുടേതല്ലാത്തതും എന്നാൽ തങ്ങളുടേതാണെന്ന ധാർഷ്ട്യത്തോടെ പലരും ധൂർത്തടിച്ച് നിർമിക്കുന്നതുമായ വീടുകൾക്ക് ഉപയോഗിക്കുന്ന അസംസ്കൃത വസ്തുക്കൾ, വർഷങ്ങളായി ഒരു കൊച്ചു വീട് കൊതിക്കുന്ന സാധാരണക്കാരുടെ സ്വപ്നങ്ങളാണ് തകർത്തുകളയുന്നത്.കേരളത്തിലെ മുപ്പത് ശതമാനം നിർമാണ പ്രവൃത്തികളെങ്കിലും ധൂർത്താണെന്ന് പറഞ്ഞാൽ അതിശയോക്തിയാവുമോ?

സംസ്ഥാന-കേന്ദ്ര സർക്കാറുകളുടെ തെറ്റായ വികസന നയങ്ങൾ തിരുത്താൻ സമര സജ്ജരാവുന്ന ഇസ്‌ലാമിക പ്രവർത്തകർ സ്വന്തം ജീവിതത്തിൽ സ്വീകരിച്ച വികസന നയത്തെക്കുറിച്ച് ഗൗരവമായ ആലോചനകൾ നടത്തേണ്ടതുണ്ട്. മുപ്പത് മീറ്റർ മാത്രം മതിയാവുന്നേടത്ത് അറുപത് മീറ്റർ ഉപയോഗിക്കുന്നത് തെറ്റാവുന്നതുപോലെ തന്നെയാണ്, യാഥാർഥ്യബോധമോ ദൂരവീക്ഷണമോ ഇല്ലാതെ വീട് നിർമിക്കുന്നതും. വ്യക്തികളുടെ അനിയന്ത്രിത വികസന മോഹത്തെ തെല്ലും നോവിക്കാതെ സർക്കാർ തലത്തിലെ വികസന ഭ്രാന്തിനെ തളക്കാൻ ശ്രമിക്കുന്നത് സത്യസന്ധമല്ല. മുൻപിൻ ചിന്തയില്ലാതെയുള്ള വികസനമോഹം ഈ കാലഘട്ടത്തിലെ ഒരു മനോഭാവമാണ്. അതിൽ വ്യക്തി-സർക്കാർ ഭേദമില്ല. മനോഭാവം മാറ്റിയെടുക്കാനുള്ള നൈതികതയിലൂന്നിയ ശ്രമങ്ങളാണ് ഉണ്ടാവേണ്ടത്.

പരിസ്ഥിതി, വികസനം മുതലായവയെ സംബന്ധിച്ച ഇസ്‌ലാമിന്റെ മൗലികമായ കാഴ്ചപ്പാടുകളെക്കുറിച്ച് ശരിയായ ബോധവത്കരണം നടത്തുകയും വ്യക്തികളുടെ നിർമാണ പ്രവൃത്തികളിൽ നേതൃത്വം ക്രിയാത്മകമായി ഇടപെടുകയും ചെയ്യാതെ ഈ മേഖലയിൽ തിരുത്ത് സാധ്യമല്ല. അല്ലാഹു ഭൂമിയെ പടച്ചത് കെട്ടിട നിർമാണത്തിനാണെന്ന വികലമായ ധാരണയാണ് ഇപ്പോൾ സമൂഹത്തെ ഭരിക്കുന്നത്. ജീവജാലങ്ങളുടെ നിലനിൽപിന്റെ പ്രഥമോപാധി കാർഷിക വിഭവങ്ങളാണ്. ഏത് കോടീശ്വരനും കൊട്ടാരയുടമയും ജീവൻ നിലനിർത്തുന്നത് പെട്രോളടിച്ചല്ല, നേരത്തിന് ആഹാരം കഴിച്ചാണ്. ഇത് തുടർന്നും സാധ്യമാകണമെങ്കിൽ ഭൂമി മൗലികത്തനിമയോടെ നിലനിൽക്കണം.

പരിസ്ഥിതിയെയും വികസനത്തെയും സംബന്ധിച്ച ഇസ്‌ലാമിക കാഴ്ചപ്പാടിലേക്ക് തിരിച്ചുപോവാതെ ഇനി ഭൂമിയിൽ സ്വാഭാവിക ജീവിതം സാധ്യമല്ല എന്നതാണ് വസ്തുത. തിരുത്താൻ ശ്രമിച്ചാലും പരിഹരിക്കാൻ കഴിയുന്നതല്ല ദുരന്തങ്ങളുടെ തീവ്രത എന്നത് നമ്മുടെ ഭാവിയെ കൂടുതൽ കരാള ഭീകരമാക്കും. പ്രകൃതിയുടെ സ്വാഭാവിക നിലനിൽപിനെക്കുറിച്ച് ഒട്ടും ആശങ്കയില്ലാതിരുന്ന, വ്യാവസായിക വിപ്ലവം നടക്കുന്നതിന് നൂറ്റാണ്ടുകൾക്ക് മുമ്പ് നബി(സ) നൽകിയ യുക്തിസഹവും പ്രായോഗികവുമായ നിർദേശങ്ങൾ ഇന്നത്തെ ദുരന്തങ്ങളുടെ വെളിച്ചത്തിൽ വായിച്ചു നോക്കിയാൽ നാം അത്ഭുതപരതന്ത്രരാവും. പലരെയും പലേടങ്ങളിലേക്കായി ഉത്തരവാദപ്പെടുത്തി അയച്ചപ്പോൾ അവർക്ക് നൽകിയ മുഖ്യ നിർദേശങ്ങളിലൊന്ന്, 'ജനങ്ങളിലെ ഏറ്റവും ദുർബലരെ പരിഗണിച്ചുവേണം കാര്യങ്ങൾ നടത്താൻ' എന്നായിരുന്നു. നമസ്കാരത്തെക്കുറിച്ചാണ് മേൽ നിർദേശമെങ്കിലും, ജീവിതത്തെ സാമാന്യമായി എടുത്താലും ഇത് പൊതു മാനദണ്ഡമായെടുക്കാവുന്നതാണ്. പാവങ്ങളെ തൊഴിച്ചു മാറ്റി പണക്കാരെ കുടിയിരുത്തുന്ന അഭിനവ വികസനലോകത്തിന് വഴികാട്ടിയാണ് മേൽ നബിവചനം.

ദൂഖറദ് പര്യടനം കഴിഞ്ഞ് മടങ്ങുകയായിരുന്ന നബി(സ)യെ അൻസ്വാരികളായ ഹാരിസ വംശജർ വന്നു കണ്ട്, 'ദൈവദൂതരേ, ഇത് ഞങ്ങളുടെ ആടുകളുടെയും ഒട്ടകങ്ങളുടെയും മേച്ചിൽ സ്ഥലങ്ങളും സ്ത്രീകൾക്ക് പുറത്തിറങ്ങാനുള്ള ഇടവുമാണ്' എന്ന് അറിയിച്ചപ്പോൾ, 'മരം മുറിക്കുന്നവർ തൽസ്ഥാനത്ത് ഈന്തപ്പന തൈ നട്ടിരിക്കണ'മെന്ന് നബി നിർദേശിക്കുകയുണ്ടായി. നബിയുടെ നിർദേശം കാരണം അവിടെ വനനിബിഡമാവുകയും ആ പ്രദേശം 'അൽഗാബഃ' (കാട്) എന്ന പേരിൽ അറിയപ്പെടുകയും ചെയ്തു. ഇസ്‌ലാമിക നാഗരികതയിൽ കൃഷി ഒരു സംസ്കാരമാണെന്നതിന്റെ വ്യക്തമായ സൂചനയാണ് മേൽ നബിവചനം. പരിസ്ഥിതിതിയും വികസനവുമായി ബന്ധപ്പെട്ട അനാചാരങ്ങളെ മറികടക്കാൻ ആദ്യമായി വേണ്ടത് ഈ സംസ്കാരം വീട്ടിലും നാട്ടിലും സമൂഹത്തിലും രാഷ്ട്രത്തിലും വീണ്ടെടുക്കുകയാണ്. സർക്കാറുകളുടെ തെറ്റായ നീക്കങ്ങളെ മാത്രം എതിർത്തതുകൊണ്ട് കാര്യമായില്ല.

എല്ലാ സമ്പത്തും വിശിഷ്യ ഭൂസ്വത്തുക്കൾ ഭാവിതലമുറയുടേതു കൂടിയാണെന്ന ബോധത്തോടെ മാത്രം കൈകാര്യം ചെയ്യാനുള്ള മനോഭാവമാണ് വളർത്തിയെടുക്കേണ്ടത്. നബി(സ) കാർഷികാവശ്യങ്ങൾക്കായി പതിച്ചുകൊടുത്തിരുന്ന ഭൂമി തരിശിടുന്ന പ്രവണത വർധിച്ചപ്പോൾ, ഖലീഫ ഉമർ അൽഹശ്ർ അധ്യായത്തിലെ പതിനൊന്നാം സൂക്തം ഓതിക്കൊണ്ട് പ്രസ്തുത ഭൂമി ഭാവിതലമുറക്ക് വീതിച്ചെടുക്കാൻ കഴിയുമാറ് സൂക്ഷിച്ചുവെക്കുകയാണെന്ന് പ്രഖ്യാപിക്കുകയായിരുന്നു. കേരളത്തിൽ ഇപ്പോൾ പറഞ്ഞുകേൾക്കുന്ന ലാന്റ് ബാങ്ക് എന്ന ആശയത്തിന്റെ അന്നത്തെ പ്രയോഗവത്കരണം!

ഈജിപ്ഷ്യൻ തലസ്ഥാനമായ കയ്റോയുടെ ആദ്യകാല പേര് 'ഫുസ്ത്വാത്' എന്നായിരുന്നു. 'പരുക്കൻ തുണികൊണ്ടുണ്ടാക്കിയ കൂടാരം' എന്നർഥം. ഇതിനു പിന്നിലെ ചരിത്രം ഇസ്ലാമിക സംസ്കൃതിയുടെ ആർദ്രഭാവം പ്രകാശിപ്പിക്കുന്നതാണ്. ഖലീഫ ഉമറിന്റെ നിർദേശപ്രകാരം സൈന്യാധിപനായിരുന്ന അംറുബ്നുൽ ആസ്(റ), ഹിജ്റ 20-ാം വർഷം അലക്സാന്ദ്രിയയിലേക്ക് യാത്ര പോകവെ വഴിയിലൊരിടത്ത് തമ്പടിച്ചു. ആഴ്ചകൾക്കു ശേഷം അവിടെ നിന്ന് യാത്ര തുടരാൻ തീരുമാനിച്ചപ്പോൾ തന്റെ കൂടാരം പൊളിച്ചെടുത്ത് കൂടെ കരുതാൻ അദ്ദേഹം സൈനികരോട് നിർദേശിച്ചു. പൊളിക്കാൻ ഒരുങ്ങവെ കൂടാരത്തിന്റെ മുകളിൽ ഒരു കാട്ടു പ്രാവ് പൊരുന്നിരിക്കുന്നത് ശ്രദ്ധയിൽ പെട്ടു. അദ്ദേഹം പറഞ്ഞു: 'കാട്ടു പ്രാവ് നമ്മുടെ അയൽപക്ക ബന്ധത്തിൽ അഭയം കണ്ടെത്തിയിരിക്കുന്നു. കൂടാരം അവിടെത്തന്നെ നിൽക്കട്ടെ. പൊരുന്ന് വിരിഞ്ഞ് അതിന്റെ കുഞ്ഞുങ്ങൾ പറന്നുപോയ ശേഷം മാത്രം കൂടാരം ഇളക്കി മാറ്റിയാൽ മതി.' പ്രാവിനെ ശല്യം ചെയ്യാതിരിക്കാൻ ആളെ ചുമതലപ്പെടുത്തിയ ശേഷമാണ് അംറ് അലക്സാന്ദ്രിയയിലേക്ക് യാത്ര തുടർന്നത്. ഇസ്ലാമിക പാരിസ്ഥിതിക സൗഹൃദത്തിന്റെ മികച്ച മാതൃക! ■